**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1306** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ ഏതൊക്കെ ടൂറിസം ഡെസ്റ്റിനേഷനുകളിലാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ നീണ്ടൂർ, ആർപ്പൂക്കര, എഴുമാന്തുരുത്ത്, എറണാകുളം ജില്ലയിലെ ഏഴിക്കര എന്നീ പ്രദേശങ്ങളിൽ “മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ പദ്ധതി നടപ്പിലാക്കുന്നു.<br><br>പങ്കാളിത്ത ടൂറിസം വികസനം പ്രക്രിയയിലൂടെ 4 വർഷക്കാലം കൊണ്ട് ഘട്ടം ഘട്ടമായി ബേപ്പൂരിനെ അന്താരാഷ്ട്ര ഉത്തരവാദിത്ത വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് ബേപ്പൂർ സംയോജിത ഉത്തരവാദിത്ത ടൂറിസം വികസന പദ്ധതി.<br><br>വലിയപറമ്പ, ബേഡഡുക്ക, ധർമ്മടം, പിണറായി, അഞ്ചരക്കണ്ടി, കടലുണ്ടി, കൂടരഞ്ഞി, കുറാച്ചുണ്ട്,നെല്യാടി, ചേകാടി, തിരുനെല്ലി, നെല്ലിയാമ്പതി, തിരുവില്വാമല, തൃത്താല, പട്ടിത്തറ, വെള്ളിനേഴി, പെരുവെമ്പ, കൊല്ലങ്കോട്, പുന്നയൂർക്കുളം, കടങ്ങോട്, പുള്ള്, പുഴയ്ക്കൽ കോൾ പ്രദേശം, പനങ്ങാട് (കുമ്പളം പഞ്ചായത്ത് ), കുമ്പളങ്ങി, തിരുമാറാടി, കടമക്കുടി, മുഹമ്മ, പെരുമ്പളം, ചെമ്പ്, മറവൻതുരുത്ത്, തിരുവാർപ്പ്, കുമരകം, അയ്മനം, നീണ്ടൂർ, എഴുമാന്തുരുത്ത്, കാന്തല്ലൂർ, മറയൂർ, വട്ടവട, ആറന്മുള, മൺറോതുരുത്ത്, സാമ്പ്രാണിക്കോടി, അഞ്ചുതെങ്ങ്, വിതുര, വെള്ളറട, അമ്പൂരി, എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്ന പ്രദേശങ്ങളാണ്. |
| (ബി) | കൂടുതൽ ഡെസ്റ്റിനേഷനുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | മൂന്നാറിനെ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷൻ ആയി 2025 ഡിസംബർ മാസത്തോടെ പ്രഖ്യാപിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടുതൽ മേഖലയിലേയ്ക്ക് ഉത്തരവാദിത്ത ടൂറിസം വളർത്തുന്നത് പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ